**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5992 04.07.2019 -ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണത്തിനുള്ള അരി വിതരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | കാസർഗോഡ് ജില്ലയിൽ സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി വിതരണം ചെയ്യുന്നതാരാണെന്ന് വ്യക്തമാക്കാമോ; | എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ. |
| ബി) | അദ്ധ്യയനവർഷം തുടങ്ങി ദിവസങ്ങൾ കഴിഞ്ഞിട്ടും ജില്ലയിൽ മിക്ക സ്കൂളുകൾക്കും ഉച്ചഭക്ഷണത്തിനുള്ള അരി കിട്ടിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരിയുടെ ഗുണനിലവാരം കുറഞ്ഞതു കാരണം ചില സ്കൂളുകൾ സപ്ലൈകോയിൽ നിന്നും അരി വാങ്ങിയിരുന്നില്ല. പല മാവേലി സ്റ്റോറുകളിൽ നിന്നും മോശമായ അരിയാണ് സ്കൂളുകൾക്ക് ലഭിച്ചത്. ഈ പ്രശ്നങ്ങളെല്ലാം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഇതിനകം പരിഹരിച്ചിട്ടുണ്ട്. |
| സി) | ഇതിനുള്ള തുക വിദ്യാഭ്യാസ വകുപ്പ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് നൽകാൻ വൈകിയതാണ് അരി ലഭിക്കാത്തതിന് കാരണമെന്ന് പറയുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; | സി) ശരിയല്ല. കഴിഞ്ഞ അദ്ധ്യയന വർഷകാലത്ത് എഫ്.സി.ഐയ്ക്ക് നൽകുവാനുള്ള മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഡി) | സാധാരണ ഏത് മാസത്തിലാണ് ഈ തുക അടയ്ക്കാറുള്ളതെന്നും ഇക്കുറി വൈകിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | ഡി) എഫ്.സി.ഐ യിൽ നിന്ന് ബില്ല് ലഭിക്കുന്ന മുറയ്ക്ക് തുക എഫ്.സി.ഐ.യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ - ട്രാൻസ്ഫർ മുഖേന കൈമാറുന്നു. |
| ഇ) | ഏത് ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഉച്ചയൂണ് നൽകി വരുന്നതെന്നും കാസർഗോഡ് ജില്ലയിൽ ഇതിനുവേണ്ടിവരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ? | ഇ) സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളും, എം.ജി.എൽ.സി, സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളോടനുബന്ധമായി നടത്തപ്പെടുന്ന പ്രീ പ്രൈമറി കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.കഴിഞ്ഞ അദ്ധ്യയനവർഷം കാസർഗോഡ് ജില്ലയിലെ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 17,84,19,200/-രൂപ (പതിനേഴ് കോടി എൺപത്തിനാല് ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ